പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2080 — 19-06-2012 ന് മറുപടിയ്ക്ക് (അന്തിമമറുപടി)

## പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ : | | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| | 16.06.2012-ൽ നൽകിയ മറുപടി | അന്തിമ മറുപടി |
| എ) പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിന് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | എ) പാമ്പു കടിയേറ്റ് മരണമടയുന്ന വരുടെ ആശ്രിതർക്ക് നിലവിൽ നഷ്ടപരിഹാരം നല്കി വരുന്നുണ്ട്. ഇതിനുള്ള അപേക്ഷ, മരണം സംഭവിച്ച് 3 മാസങ്ങൾക്കകം അതാതു പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർ ക്കാണ് സമർപ്പിക്കേണ്ടത്. മരണ സർട്ടിഫിക്കറ്റും അനന്തരാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേ ണ്ടതാണ്. | എ) പാമ്പു കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ നഷ്ടപരിഹാരം നല്കി വരുന്നുണ്ട്. ഇതിനുള്ള അപേക്ഷ, മരണം സംഭവിച്ച് 3 മാസങ്ങൾക്കകം അതാതു പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർ ക്കാണ് സമർപ്പിക്കേണ്ടത്. മരണ സർട്ടിഫിക്കറ്റും അനന്തരാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. |

| | | |
|---|---|---|
| ബി) ധനസഹായം നൽകുന്നത് ഒരു നിശ്ചിത തുകയായി നിജപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷകരുടെ കുടുംബ പശ്ചാത്തലവും, ചികിത്സാക്രമങ്ങളു മനുസരിച്ചാണോ തുക നിശ്ചയിക്കുന്നത് ; വിശദാംശം വെളിവാക്കുമോ ; | ബി) വനത്തിനുള്ളിൽ വച്ച് പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ച് പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും നഷ്ടപരിഹാരമായി നിജപ്പെടുത്തിയിട്ടുണ്ട്. | ബി) വനത്തിനുള്ളിൽ വച്ച് പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ച് പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും നഷ്ടപരിഹാരമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| സി) ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത് എന്ന് മുതലാണ് ; നാളിതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കുവാൻ കഴിയാത്തവരായി എത്ര കുടുംബങ്ങളുണ്ട് ; എത്ര കുടുംബങ്ങൾക്ക് ആനുകൂല്യം നല്കുവാൻ കഴിഞ്ഞിട്ടുണ്ട് ; | സി) വനത്തിനകത്തു വച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1980 ൽ പുറപ്പെടുവിച്ച നഷ്ടപരിഹാര നിയമവും അതിന്റെ ഭേദഗതികളും സർക്കാർ ഉത്തരവുകളും അനുസരിച്ച് 1980 മുതൽ 5000 രൂപയും 15.12.1988 മുതൽ 10000 രൂപയും, 30.10.99 മുതൽ 20000 രൂപയും 20.01.2005 മുതൽ 50000 രൂപയും, 16.9.2009 മുതൽ ഒരു ലക്ഷം രൂപയും 7.7.2010 മുതൽ മൂന്നു ലക്ഷം രൂപയും നഷ്ടപരിഹാര മായി അനുവദിച്ചു വരുന്നുണ്ട്. വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 7.7.2010 മുതൽ 1 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു വരുന്നു. | സി) വനത്തിനകത്ത് വച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1980 ൽ പുറപ്പെടുവിച്ച നഷ്ടപരിഹാര നിയമ പ്രകാരം നഷ്ടപരിഹാരം നല്കി വരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 210 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കുവാൻ കഴിയാത്തതായി 69 അപേക്ഷകരുണ്ട്. 124 അപേക്ഷകരായ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) പാമ്പുകടിയേറ്റ് ദിവസങ്ങളോളം ചികിത്സ നേരിട്ട ആൾ ആശുപത്രിയിൽ വച്ച് മരണപ്പെട്ടാൽ അസ്വാഭാവിക മരണമല്ലാത്തതിനാൽ പോസ്റ്റ് മോർട്ടം കൂടാതെ ശവശരീരം മറവ് ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇത്തരം കേസുകളിൽ ധനസഹായം ലഭിക്കുന്നതിനായി പോസ്റ്റ് മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം നിർദ്ദേശിക്കുമോ ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ട് വേണമെന്ന നിഷ്കർഷയില്ല. | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ട് വേണമെന്ന നിഷ്കർഷയില്ല. |
| ഇ) അപേക്ഷയോടൊപ്പം നൽകേണ്ട അവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ സാധാരണ ഗതിയിൽ ആറ് മാസം വരെ സമയമെടുക്കുമെന്നതിനാൽ പ്രസ്തുത രേഖ ഹാജരാക്കുവാൻ കഴിയാത്ത അവസ്ഥയും ഈ പദ്ധതിയിൽ | ഇ) നിലവിലുള്ള നിയമപ്രകാരം അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ നഷ്ടപരിഹാരം നല്കാൻ കഴിയുകയുള്ളൂ. | ഇ) നിലവിലുള്ള നിയമപ്രകാരം അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ നഷ്ടപരിഹാരം നല്കാൻ കഴിയുകയുള്ളൂ. |

നിരസിക്കാറുണ്ടോ;

| | | |
|---|---|---|
| എഫ്) അപകട/ആത്മഹത്യ മരണങ്ങൾ നടക്കുമ്പോൾ മുഖ്യമന്ത്രി ധനസഹായം നൽകുന്നതിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാറില്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ജി) പാമ്പുകടിയേറ്റ് മരണപ്പെടുന്ന കുടുംബത്തിന് നിലവിലുള്ള നിബന്ധനകൾ പ്രകാരം ആനുകൂല്യം വാങ്ങി യെടുക്കുവാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ആനുകൂല്യം നൽകുവാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ ? | ജി) നഷ്ടപരിഹാരം ലഭിക്കുന്നതിന് ലളിതമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. | ജി) നഷ്ടപരിഹാരം ലഭിക്കുന്നതിന് ലളിതമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ